**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-13/739/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 17.09.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

മരിയാപുരം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- മരിയാപുരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

****************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **മരിയാപുരം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 2, 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

<u>നം.കെ.എസ്.എ-ഐ.ഡി.കെ-7/739/2019</u> **തീയതി : 17.09.2019**

## ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

********************************

ഇടുക്കി ജില്ലയിലെ **മരിയാപുരം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **17.07.2018** മുതൽ **14.07.2019** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **10** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **6** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സന്ധ്യജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 15/07/2019 മുതൽ 20/07/2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി. ജി. സജിമോൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അഭിലാഷ് എം. കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനിറ്റ പി. സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡണ്ട്** | ശ്രീമതി. ഡോളി ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. വിനുകുമാർ എസ്. പി. | 01.04.2018 മുതൽ 31.03.2019 വരെ |
| **അസി. എഞ്ചിനിയർ** | ശ്രീ. ബിനു കെ. വി. | 01.04.2018 മുതൽ 16.06.2018 (FN)വരെ |
| | ശ്രീ. സജു ആർ. | 16.06.2018(AN)മുതൽ 10.07.2018(FN)വരെ |
| | ശ്രീമതി. ചിത്രലേഖ ജി. | 10.07.2018 (AN)മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീ. അനിൽകുമാർ യു. എം. | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്.സൂപ്പർവൈസർ** | ശ്രീമതി. രജിക എം. എച്ച്. | 01.04.2018 മുതൽ 05.07.2018 (FN)വരെ |
| | ശ്രീമതി. ജോളി കെ. പി. | 06.07.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(അലോപ്പതി)** | ഡോ. ജിതേഷ് തങ്കപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)** ഉപ്പുതോട് സർക്കിൾ | ഡോ. ഷീന എം. കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. സൌമ്യ റ്റി. സി. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| **മെഡിക്കൽ ഓഫീസർ(ഹോമിയോ)** ഉപ്പുതോട് സർക്കിൾ | ഡോ. അനിതാ എസ്. ഭട്ട് | 01.04.2018 മുതൽ 25.10.2018 (FN)വരെ |
| | ഡോ. ലക്ഷ്മി വി. | 26.10.2018 (AN)മുതൽ 31.03.2019 വരെ |
| **ഡയറി എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീ. കെ. ഓമനക്കുട്ടൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ.** | ശ്രീമതി. ലിസ്മേരി ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **എച്ച്.എം, എൽ.പി. സ്കൂൾ** | ശ്രീമതി. മേരിക്കുട്ടി മൈക്കിൾ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | | |
|---|---|---|
| 12 | 1-12 | വാർഷിക കണക്കുകളുടെ പരിശോധന |
| 13 | 2-1 | സാമ്പത്തികനില അതീവ ദുർബലം |
| 14 | 2-2 | വാടക നിശ്ചയിച്ചിട്ടില്ല - വരുമാനം നഷ്ടമാകുന്നു |
| 15 | 2-3 | മതിയായ രേഖകളുടെ പിൻബലമില്ലാതെ വസ്തുനികുതി ഡിമാന്റിൽ കുറവ് ചെയ്തിരിക്കുന്നു |
| 16 | 3-1 | നിർവഹിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച് നല്കി |
| 17 | 3-2 | യാത്രാബത്ത അധികം വാങ്ങിയത് |
| 18 | 3-3 | കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിലിന് കാട് വെട്ട് യന്ത്രം വാങ്ങൽ – അപാകതകൾ – ചെലവ് തടസ്സം ₹3,60,000/- |
| 19 | 3-4 | പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല |
| 20 | 3-5 | ലൈഫ് മിഷൻ ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല |
| 21 | 3-6 | ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - പണം നൽകിയിട്ടും മരുന്ന് ലഭ്യമായില്ല |
| 22 | 3-7 | പ്രളയ ദുരിതാശ്വാസം – ലഭ്യമായ തുക വിനിയോഗിക്കാതെ തിരിച്ചടച്ചു |
| 23 | 3-8 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 24 | 3-9 | ലൈഫ് പദ്ധതി – അവലോകനം |
| 25 | 3-10 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരം ലഭ്യമല്ല |
| 26 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | | |
|---|---|---|
| 30 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 33 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 34 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 36 | **അനുബന്ധം-1** | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 14.03.2018 തിയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് 08.02.2019 തീയതിയിലെ 1(1) -ാം തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.04.2019 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.05.2019 & 21.05.2019 | കെ.എസ്.എ.ഐ.ഡി.കെ.-3/520(29)/19<br>തീ. 16.08.2019 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹4300619.82 |
| വരവ് | ₹43218835.00 |
| ആകെ | ₹47519454.82 |
| ചെലവ് | ₹42644996.00 |
| നീക്കിയിരിപ്പ് | ₹4874458.82 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| **വികസന ഫണ്ട് –** ജനറൽ **(ACR പ്രകാരം)** | 0 | 10796000 | 10796000 | 8588139 | 2207861 |
| **വികസന ഫണ്ട് –** എസ്.സി.പി **(ACR പ്രകാരം)** | 0 | 1186000 | 1186000 | 1185544 | 456 |
| **വികസന ഫണ്ട് –** ടി.എസ്.പി **(ACR പ്രകാരം)** | 0 | 100000 | 100000 | 100000 | 0 |
| **മെയിന്റനൻസ്** - റോഡ് **(ACR പ്രകാരം)** | 0 | 5272000 | 5272000 | 4615715 | 656285 |
| **മെയിന്റനൻസ്** - നോൺ-റോഡ് **(ACR പ്രകാരം)** | 0 | 2780000 | 2780000 | 2551728 | 228272 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് **(ACR പ്രകാരം)** | 0 | 5011000 | 5011000 | 4039920 | 971080 |
| സാക്ഷരത | 2176.66 | 78 | 2254.66 | 0 | 2254.66 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 3999 | 160 | 4149 | 10 | 4149 |
| **എം.ജി. എൻ.ആർ. ഇ.ജി.എസ്.** | തൊഴിലാളികളുടെ കൂലി | 0 | 36193947 | 36193947 | 36193947 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6495 | 1044401 | 1050896 | 1047947 | 2949 |
| എസ്.എസ്.എ. | | 15761.8 | 553 | 16314.8 | 0 | 16314.80 |
| **ജോയിന്റ് വെഞ്ചർ അക്കൗണ്ട്** | ബ്ലോക്ക് പഞ്ചായത്ത് | 300000 | 1368457 | 1668457 | 1388557 | 279900 |
| | ജില്ലാ പഞ്ചായത്ത് | 0 | 772351 | 772351 | 771500 | 851 |
| ബി-ഫണ്ട് | | 0 | 12821680 | 12821680 | 12821680 | 0 |
| തനത് ഫണ്ട് (*) | | (540797.64) | 10969072 | 10428274.36 | 11233700 | (805425.64) |
| **തനത് ഫണ്ടിലൂടെ ഇടപാടുകൾ നടത്തുന്ന മറ്റിനങ്ങൾ (**)** | | | | | | |
| പഞ്ചായത്ത് ദുരിതാശ്വാസ നിധി | | 262 | 500 | 762 | 0 | 762 |
| ഐസിഡിഎസ് | | 362498 | 353175 | 715673 | 353145 | 362528 |
| TSC | | 2459176 | 1430000 | 3889176 | 813228 | 3075948 |
| ലിറ്ററസി സ്കീം | | 17269 | 82161 | 99430 | 82083 | 17347 |
| ഗ്രാന്റ്സ് | | 299445 | 0 | 299445 | 0 | 299445 |
| **ഗ്രാന്റ്സ്** – ശുചിത്വ മിഷൻ | | 0 | 391544 | 391544 | 0 | 391544 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിട്ടേഷൻ | 25981 | 0 | 25981 | 0 | 25981 |
| വിമുക്തി | 37500 | 25000 | 62500 | 54938 | 7562 |
| കോൺട്രിബ്യൂഷൻ | 1093 | 0 | 1093 | 0 | 1093 |
| ഡൊണേഷൻ ഫ്ലഡ് | 0 | 47600 | 47600 | 0 | 47600 |
| നിർമൽ പുരസ്കാർ | 228118 | 0 | 228118 | 0 | 228118 |

(*) B-4-ൽ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ തനത് ഫണ്ടിന്റെ ഏതൊക്കെ അക്കൌണ്ടുകളിലാണ് നിലനിർത്തിയിരിക്കുന്നതെന്ന കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ തനത് ഫണ്ട് നീക്കിയിരുപ്പ് തുകയുടെ ബാങ്ക്-ട്രഷറി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**(**) തനത് ഫണ്ടിലൂടെ ഇടപാടുകൾ നടത്തുന്ന മറ്റിനങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് കൊടുത്തിരിക്കുന്നതിനാൽ തനത് ഫണ്ടിന്റെ മുൻവർഷ നീക്കിബാക്കി തൻവർഷ പ്രാരംഭ ബാക്കിയുമായി പൊരുത്തപ്പെടുന്നില്ല.**

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 57135903 | 80 | 29628710 | - | 43 | 65.04 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6495 | 1044401 | 1050896 | 1047947 | 2949 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36193947 | 36193947 | 36193947 | 0 |

### 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17280 | 8 |
| കർഷക തൊഴിലാളി പെൻഷൻ | 2429600 | 302 |
| വിധവ പെൻഷൻ | 2988400 | 369 |
| വാർദ്ധക്യകാല പെൻഷൻ | 5937200 | 784 |
| വികലാംഗ പെൻഷൻ | 1383200 | 162 |
| അവിവാഹിതർക്കുള്ള പെൻഷൻ | 66000 | 8 |

### 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹100/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തരനിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നുണ്ട്.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം

നടത്തുന്നില്ല.

**രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം**

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

123 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും 80 പ്രോജക്ടുകളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് ഒരു പ്രോജക്ട് (മുയൽ വളർത്തൽ) മാത്രമാണുണ്ടായിരുന്നതെങ്കിലും അത് നടപ്പിലാക്കിയിട്ടില്ല. ഇത് പദ്ധതി രൂപീകരണത്തിലുള്ള പാളിച്ചയാണ്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ**

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ**

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും രണ്ട് പ്രാവശ്യം സമ്മേളിച്ചിട്ടുള്ളു. കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2019 | 6/2019 | 17.06.2019 |
| അക്കൗണ്ടന്റ് ജനറൽ | 16.06.2011 | 2009-10 | 16.12.2011 |

## 1-12 വാർഷിക കണക്കുകളുടെ പരിശോധന

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ളതും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നതുമായ ബാലൻസ്ഷീറ്റ് ബി4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള ഇനങ്ങൾക്ക് പര്യാപ്തമായ തുക RP 40(b) പ്രകാരമുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നില്ല.

2) ഇഷ്യൂ ചെയ്ത ചെക്കുകൾ മൂന്ന് മാസം കഴിഞ്ഞവ 'liability in respect of stale cheque' എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

1. ചെക്ക് നം. 4785/18.05.18 - ₹480/-

2. ചെക്ക് നം. 1898/09.05.17 - ₹500/-

3) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല.

4) തൻവർഷം വിവിധ മരാമത്തു പ്രവൃത്തികൾക്ക് പാർട്ട് ബില്ലായി ₹11,51,303/- അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക 'capital work in progress' ആയി ബാലൻസ്ഷീറ്റ് B-11(a) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

5) നികുതി രജിസ്റ്ററുകൾ കാലികമാക്കാത്തതിനാൽ മുൻകൂറായി കളക്ട് ചെയ്ത നികുതി തുക B-9 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

6) ആസ്തികളുടെ വില നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) തൊഴിലുറപ്പ് പദ്ധതി - ഭരണനിർവ്വഹണം തൊഴിലാളികളുടെ കൂലി (നേരിട്ട് നല്കുന്നത്) എന്നിവയുടെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8) 31.03.2019ലെ വസ്തുനികുതിയി സഞ്ചയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ ബാലൻസ് വിവരങ്ങൾ വാർഷിക കണക്കുകളിലെ തുകകളുമായി ഒത്തുനോക്കി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

9) 2017-18 വർഷത്തെ അക്കൗണ്ട്സ് പ്രകാരം വസ്തുനികുതി കുടിശ്ശികയായി കാണിച്ചിരിക്കുന്ന മുഴുവൻ തുകയും തൻവർഷം പിരിച്ചെടുത്തിട്ടില്ലെങ്കിലും 2018-19 വർഷത്തെ ധനകാര്യപത്രിക B-15 ഷെഡ്യൂളിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വസ്തുനികുതി കുടിശ്ശിക പൂജ്യം ആയി രേഖപ്പെടുത്തിയിരിക്കുന്നു.

| **2017-18 വർഷത്തെ അക്കൗണ്ട്സ് പ്രകാരം പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വസ്തുനികുതി കടിശ്ശിക (₹)** | **തൻവർഷം കളക്ട് ചെയ്ത തുക (₹)** |
|---|---|
| വസ്തുനികുതി കടിശ്ശിക ₹82,711/- | ₹2,44,286/- |
| വസ്തുനികുതി കടിശ്ശിക ₹3,31,981/- | ₹1,42,264/- |

10) പഞ്ചായത്ത് ഡിസ്ട്രസ് റിലീഫ് ഫണ്ട്, ലിറ്ററസി സ്കീം എന്നിവയുടെ ഇടപാടുകൾ യഥാക്രമം റിലീഫ് ഫണ്ട് (₹45,02,30,102/-), സാക്ഷരത (₹45,02,10,105/-) എന്നീ അക്കൌണ്ടുകളിലൂടെയാണ് നടത്തേണ്ടത്. എന്നാൽ ഇവയുടെ ഇടപാടുകൾ തനത് ഫണ്ടിലൂടെയാണ് നടത്തുന്നത്.

1.

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സാമ്പത്തികനില അതീവ ദുർബലം

ശുഷ്കമായ തനത് വരുമാനസ്രോതസുകൾ മാത്രം കൈമുതലായുള്ള ഗ്രാമപഞ്ചായത്തിന് അധിക വരുമാനം ലഭിക്കുന്ന തരത്തിലുള്ള വികസന മുന്നേറ്റങ്ങൾ കൈവരിക്കാൻ അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടര പതിറ്റാണ്ട് പിന്നിടുമ്പോഴും കഴിഞ്ഞിട്ടില്ല. വസ്തുനികുതി, തൊഴിൽനികുതി, വാടക, ലൈസൻസ് ഫീസ്, പൊതു ആവശ്യ ഗ്രാന്റ് എന്നിവയിലൂടെ 2018-19 സാമ്പത്തിക വർഷം ആകെ ലഭിച്ചത് **80.91 ലക്ഷം** രൂപയാണ്. എന്നാൽ റവന്യൂ ഭരണച്ചെലവുകൾക്ക് വേണ്ടി വന്നത് **94.61 ലക്ഷം** രൂപയും. 2017-18 സാമ്പത്തിക വർഷത്തെ കണക്കുകളെ ആസ്പദമാക്കി **16.94 ലക്ഷം** രൂപ സർക്കാരിൽ നിന്ന് വിടവ് നികത്തൽ ഫണ്ടായി അനുവദിക്കാതിരുന്നുവെങ്കിൽ തൻവർഷത്തെ നിത്യനിദാനങ്ങൾ തന്നെ പാടെ മുടങ്ങുന്ന സ്ഥിതി സംജാതമാകുമായിരുന്നു. തൻവർഷത്തെ വിനിയോഗ ശിഷ്ടവും മുൻബാക്കിയും ചേർന്ന് **41.97 ലക്ഷം** രൂപ ബാങ്ക്/ട്രഷറി അക്കൌണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി ധനകാര്യ പത്രികയിൽ പ്രത്യക്ഷത്തിൽ കാണുന്നുവെങ്കിലും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി ലഭിച്ചതും വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചതുമായ തുകകളാണ് പ്രസ്തുത തുകയെന്ന് വിശദമായ പരിശോധനയിൽ കാണാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയെ ആസ്പദമാക്കിയ തനതുഫണ്ട് വരവ് ചെലവ് കണക്കുകൾ ചുവടെ സംഗ്രഹിക്കുന്നു.

| **ഇനം** | **തുക ₹** |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 3872187 |
| നികുതി-നികുതിയിതര വരവുകൾ | 9785867 |
| ആകെ | 13658054 |
| തനതുഫണ്ട് വിനിയോഗിച്ചുള്ള റവന്യൂ ചെലവുകൾ | 9460622 |
| **നീക്കി ബാക്കി** | **4197432** |

നീക്കിബാക്കിയിൽ ഉൾപ്പെട്ട പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് /ഋണശീർഷ തുകകൾ

| **ഇനം** | **തുക ₹** |
|---|---|
| ODF-ന് പഞ്ചായത്ത് ഫണ്ട് മുൻകൂർ ചെലവഴിച്ചത് ക്രമീകരിക്കാൻ അനുവദിച്ച തുക | 3075948 |
| ICDS കേന്ദ്ര വിഹിതം | 362528 |
| MLA ഫണ്ട് | 299445 |
| സമ്പൂർണ ശുചിത്വം | 417525 |
| വിമുക്തി | 7562 |
| ജില്ലാപഞ്ചായത്ത് വിഹിതം | 1093 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 249900 |
| ഗുണഭോക്തൃ വിഹിതം | 240043 |
| അംഗൻവാടി ശുചിമുറി നിർമാണം, കുടിവെള്ള പദ്ധതി | 22000 |
| പ്രളയ ദുരിതാശ്വാസ സംഭാവന | 47600 |
| നിർമൽ പുരസ്കാരം | 228118 |

| | |
|---|---|
| സിവിൽ നിക്ഷേപങ്ങൾ | 441524 |
| **ആകെ** | **5393286** |

വാർഷിക ധനകാര്യപത്രികയുടെ 31.03.2019-ലെ നീക്കിയിരിപ്പിന്മേൽ പട്ടികയിൽ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് /ഋണശീർഷ തുകകളും ഉൾപ്പടേണ്ടതാണെങ്കിലും ശമ്പളം, ഓണറേറിയം, ഇതര റവന്യൂ ചെലവുകൾ എന്നിവയ്ക്കുവേണ്ടി അവ വകമാറ്റിയതിനാൽ പഞ്ചായത്ത് ഫണ്ടിൽ ₹11,95,854/-യുടെ വിടവുണ്ടായിട്ടുണ്ട് (5393286-4197432). വരവും ചെലവും തമ്മിലുള്ള അന്തരം ഓരോ വർഷവും വർദ്ധിക്കുന്നതിനാൽ വകമാറ്റപ്പെട്ട തുക തിരികെ ക്രമീകരിക്കാനുള്ള സാധ്യത വളരെ വിരളമാണ്. പ്രളയക്കെടുതികൾ മൂലം ഏറെ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ സ്ഥായിയായ ഒരു വർദ്ധനവ് സമീപ ഭാവിയിൽ സംഭവിക്കാനുള്ള സാഹചര്യവും പ്രതീക്ഷിക്കാനാകില്ല. പൊതു ആവശ്യ ഗ്രാന്റിൽ കാര്യമായ വർദ്ധനവ് മാത്രമാണ് വരുമാനത്തിലെ കമ്മി പരിഹരിക്കാൻ നിലവിൽ ഗ്രാമപഞ്ചായത്തിനു മുമ്പിലുള്ള ഏക പോംവഴി. ആയതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്. സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിച്ച് ഏറെക്കാലം ഗ്രാമപഞ്ചായത്തിന് മുന്നോട്ടുപോകാൻ കഴിയില്ലെന്നതിനാൽ സ്ഥായിയായ വരുമാനം ലഭിക്കുന്ന സ്രോതസ്സുകൾ കണ്ടെത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വാടക നിശ്ചയിച്ചിട്ടില്ല - വരുമാനം നഷ്ടമാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇടുക്കിയിലുള്ള എസ്.സി. സാംസ്കാരിക നിലയം, എൻ.സി ജോർജ് മെമ്മോറിയൽ സാംസ്കാരിക നിലയം എന്നിവയിലെ വിവിധ മുറികൾ താഴെ പറയുന്ന ഗവൺമെന്റ് ഓഫീസുകൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി വാടക നിശ്ചയിച്ച് ഈടാക്കിയിട്ടില്ല.

1. ചരക്ക് സേവന നികുതി ഓഫീസ്.
2. സോയിൽ കൺസർവേഷൻ ഓഫീസ്.
3. അസ്സിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി താലൂക്ക്.
4. കുടുംബശ്രീ ജില്ലാ മിഷൻ എസ്.വി.ഇ.പി. ഓഫീസ്.

വാടക ഈടാക്കാത്തത് സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും നാളിതുവരെയായും വാടക നിശ്ചയിച്ചിട്ടില്ല. എന്നുമുതലാണ് മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക നിശ്ചയിച്ച് മുൻകാല കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മതിയായ രേഖകളുടെ പിൻബലമില്ലാതെ വസ്തു നികുതി ഡിമാന്റിൽ കുറവ് ചെയ്തിരിക്കുന്നു.

2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ ₹1,89,717/- ഡിമാന്റിൽ നിന്നും

കുറവ് ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം പരാമാവധി ₹1,000/- മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഒഴിവാക്കുന്നതിന് അനുമതിയുള്ളത് എന്നിരിക്കെയാണ് ഭീമമായ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത്.

വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയതിന് ആധാരമായ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.(8)ന് മറുപടി നൽകിയെങ്കിലും വസ്തുനികുതി കുറവ് ചെയ്തതിന് ആധാരമായ രേഖകൾ ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കാത്ത പക്ഷം ഡിമാന്റിൽ കുറവ് വരുത്തിയ ₹1,89,717/- സെക്രട്ടറി, അക്കൗണ്ടന്റ്, എന്നിവർക്ക് തുല്യ ബാധ്യത നിശ്ചയിക്കുന്നതാണ്. എഴുതിത്തള്ളിയ തുകയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിർവഹിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച് നല്കി

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ അച്ചടി പ്രവൃത്തികൾ നിർവഹിക്കുന്നതിന് വേണ്ടി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത, ചെറുതോണിയിലുള്ള ഫ്രണ്ട്സ് ഓഫ് സെറ്റ് എന്ന സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തത്. ചുവടെ ചേർക്കുന്ന പദ്ധതികളിൽ പരാമർശിക്കുന്ന ഇനങ്ങളുടെ മാത്രം, സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് താഴെ കൊടുക്കുന്നു.

| ഇനം | അച്ചടിക്കുന്ന പേജൊന്നിന്റെ നിരക്ക് (₹) |
|---|---|
| ബുക്ക് പ്രിന്റിംഗ് - 300 ബുക്ക് | 440 |
| ബുക്ക് പ്രിന്റിംഗ് - 1000 ബുക്ക് | 790 |
| ബുക്ക് കവർ പേജ് | 11 |
| ബുക്ക് കവർ പേജ് -രണ്ട് കളർ | 13 |
| ബുക്ക് കവർ പേജ് - നാല് കളർ | 30 |

ഒരു ബുക്കിന്റെ ഒരു താളിന്റെ രണ്ട് വശങ്ങളിൽ അച്ചടിക്കുമ്പോൾ ആയത് രണ്ട് പേജുകൾ എന്ന രീതിയിലും ഒരു വശത്ത് മാത്രം അച്ചടിക്കുന്ന സംഗതിയിൽ അത് ഒരു പേജ് എന്ന രീതിയിലുമാണ് നിരക്ക് കണക്കാക്കിയത്. ഇതിൽ നിന്ന് അച്ചടിക്കുന്ന പേജുകൾക്ക് മാത്രമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്.

**(i) <u>പദ്ധതി നിർവഹണവും മോണിറ്ററിംഗും(8/19)</u>**

| | | |
|---|---|---|
| **അടങ്കൽ** | ₹3,00,000/- | |
| **ബിൽ വിശദാംശങ്ങൾ** | 14/18-19/30-10-2018 | ₹1,74,434/- |
| **നിർവഹണ ഉദ്യോഗസ്ഥൻ** | സെക്രട്ടറി | |

വാർഷിക പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവൃത്തികൾക്കുവേണ്ടി വിഭാവനം ചെയ്ത പദ്ധതിയിൽ തൻവർഷത്തെ പ്രിന്റിംഗ് ജോലികളും ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ, ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങിയവയാണ് പ്രിന്റ് ചെയ്തത്. സ്ഥാപനം ലഭ്യമാക്കിയ സപ്ലൈ ബില്ലുകളിൽ (No.183, 184/തീ. 29-08-2018) സൂചിപ്പിക്കുന്ന രേഖകൾ ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസങ്ങൾ/അപാകതകൾ ചുവടെ ചേർക്കുന്നു.

| **ബിൽ പ്രകാരമുള്ള ക്രമ നമ്പർ/ ഇനം** | **ഉപ ഇനം** | **ബിൽ പ്രകാരം** | | | **ഭൗതീക പരിശോധന യിൽ കണ്ട പേജ് എണ്ണം/ തരം** | **ക്വട്ടേഷൻ പ്രകാരം നൽകാ വുന്ന നിരക്ക്** | **നൽകാ വുന്ന തുക ₹** | **അധികം നല്കിയത്** | **റിമാർക്സ്** |
|---|---|---|---|---|---|---|---|---|---|
| | | **പേജ്/ബുക്ക് എണ്ണം** | **നിരക്ക് ₹** | **തുക ₹** | | | | | |
| 3 അന്തിമ പദ്ധതി രേഖ (300 ബുക്ക്) | പേജുകൾ | 46 | 440 | 20240 | 44 | 440 | 19360 | 880 | |
| | Inner page colour | 600 | 15 | 9000 | ഇല്ല | | - | 9000 | ക്വട്ടേഷനിൽ ഈയിനം ഉൾപ്പെടുത്തിയിട്ടില്ല |
| 5 ഗുണഭോക്തൃ ലിസ്റ്റ് (300 ബുക്ക്) | പേജുകൾ | 63 | 440 | 27720 | 42 | 440 | 18480 | 9240 | |
| | Inner page colour | 1200 | 15 | 18000 | ഇല്ല | | - | 18000 | ക്വട്ടേഷനിൽ ഈയിനം ഉൾപ്പെടുത്തിയിട്ടില്ല |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | cover page | 300 | 30 | 9000 | 300 | 11 | 3300 | 5700 | കരട് പദ്ധതി രേഖയുടെ ഇതേ ഇനത്തില്ലള്ള കവർപേജിന് ₹11/- മാത്രമാണ് ഈടാക്കിയത് |
| | | | | | | | ആകെ | 42820 | |

**(ii) പൗരാവകാശ രേഖ തയ്യാറാക്കൽ(7/19)**

| | | |
|---|---|---|
| **അടങ്കൽ** | ₹1,91,000 /- | |
| **ബിൽ വിശദാംശങ്ങൾ** | 6/18-19/16-06-2018 | ₹1,91,000/- |
| **നിർവഹണ ഉദ്യോഗസ്ഥൻ** | സെക്രട്ടറി | |

ഫ്രണ്ട്സ് ഓഫ് സെറ്റ് എന്ന സ്ഥാപനം തന്നെയാണ് ആയിരം പൗരാവകാശ രേഖ പ്രിന്റ് ചെയ്തത്. സ്ഥാപനം ലഭ്യമാക്കിയ സപ്ലൈ ബില്ലിൽ (No.082/Dt. 30-05-2018) സൂചിപ്പിക്കുന്ന രേഖ ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസങ്ങൾ/അപാകതകൾ ചുവടെ ചേർക്കുന്നു.

| **ഇനം** | **ബിൽ പ്രകാരം** | | | **ഭൗതീക പരിശോധനയിൽ കണ്ട പേജ് എണ്ണം/ തരം** | **ക്വട്ടേഷൻ പ്രകാരം നൽകാവുന്ന നിരക്ക് ₹** | **നൽകാവുന്ന തുക ₹** | **അധികം നല്കിയത് ₹** | **റിമാർക്സ്** |
|---|---|---|---|---|---|---|---|---|
| | **പേജ്/ബുക്ക് എണ്ണം** | **നിരക്ക് ₹** | **തുക ₹** | | | | | |
| പൗരാവകാശ രേഖ പേജുകൾ | 80 | 790 | 63200 | 74 | 790 | 58460 | 4740 | |
| ഇന്നർ പേജ് കളർ | 6000 (6x1000 ബുക്ക്) | 13 | 78000 | 2000 (2x1000 ബുക്ക്) | 13 | 26000 | 52000 | ക്വട്ടേഷനിൽ ഈയിനം ഉൾപ്പെടുത്തിയിട്ടുമില്ല |
| കവർ ലാമിനേഷൻ ഡെമ്മി ഹാഫ് സൈസ് | 1000 | 19.8 | 19800 | ഇല്ല | | - | 19800 | ക്വട്ടേഷനിൽ ഈയിനം ഉൾപ്പെടുത്തിയിട്ടുമില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മാറ്റ് ലാമിനേഷൻ | | | | | | | | |
| | | | | | | ആകെ | 76540 | |

നിർവഹിക്കാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച് നല്കിയതുമൂലം ₹1,19,360/- ഗ്രാമപഞ്ചായത്തിന് നഷ്ടമായിരിക്കുകയാണ്. ആയത് കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 3-2 യാത്രാബത്ത അധികം വാങ്ങിയത്

കേരള സർവീസ് ചട്ടങ്ങൾ, ഭാഗം രണ്ടിലെ ചട്ടം 57 അനുസരിച്ച്, ആസ്ഥാനത്തുനിന്ന് 8 കിലോമീറ്റർ അധികരിക്കാത്ത സ്ഥലങ്ങളിലേക്ക് നടത്തുന്ന ഔദ്യോഗിക യാത്രകൾക്ക് യാത്രാബത്ത അനുവദനീയമല്ല. എന്നാൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ-കം-അക്കൌണ്ടന്റായ ശ്രീ. ഷിനോജ് കെ. എസ്. 05.02.2018 മുതൽ 05.07.2018 വരെയുള്ള കാലയളവിൽ 8 കി. മീററിനുള്ളിൽ നടത്തിയ യാത്രകൾക്ക് ഒരു ദിനബത്ത നിരക്കിൽ തുക കൈപ്പററിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | യാത്ര ചെയ്ത സ്ഥലം | യാത്രയുടെ ഉദ്ദേശ്യം | കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 05.02.2018 | മരിയാപുരം-ചെറുതോണി | ബാങ്ക് സ്റ്റേറ്റ്മെന്റ് കൈപ്പറ്റുക | 250 |
| 08.02.2018 | -----ടി--- | ബാങ്ക് പാസ്സ് ബുക്ക് പതിപ്പിക്കുക | 250 |
| 20.02.2018 | -----ടി--- | ടെലിഫോൺ ബിൽ അടയ്ക്കുക | 250 |
| 03.03.2018 | -----ടി--- | ടോണർ റീഫിൽ ചെയ്തതിന്റെ പ്രതിഫലം നൽകൽ | 250 |
| 19.03.2018 | -----ടി--- | ടെലിഫോൺ ബിൽ അടയ്ക്കുക | 250 |
| 25.04.2018 | -----ടി--- | ബാങ്ക് പാസ്സ് ബുക്ക് പതിപ്പിക്കുക | 250 |
| 09.05.2018 | ----ടി---- | ബാങ്ക് പാസ്സ് ബുക്ക് പതിപ്പിക്കുക | 250 |
| 07.06.2018 | ----ടി----- | സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രിന്റിംഗ് | 250 |

| | | | |
|---|---|---|---|
| 16.06.2018 | ----ടി---- | രജിസ്റ്റർ പ്രിന്റിംഗ് | 250 |
| 05.07.2018 | ----ടി---- | ബാങ്ക് സ്റ്റേറ്റ്മെന്റ് കൈപ്പറ്റുക | 250 |
| | | **ആകെ** | **2500** |

**വൗച്ചർ നം. 21800922/തീ. 02.03.2019, ₹15,350/-**

ചട്ടവിരുദ്ധമായി കൈപ്പററിയ ₹2,500/- ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-3 കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിലിന് കാട് വെട്ട് യന്ത്രം വാങ്ങൽ-അപാകതകൾ-ചെലവ് തടസ്സം - ₹3,60,000/-

| | |
|---|---|
| **നിർവ്വഹണം** | **കൃഷി ഓഫീസർ** |
| **പദ്ധതി നം** | 79/2019 |
| **പദ്ധതി** | കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിലിന് കാട് വെട്ട് യന്ത്രം വാങ്ങൽ |
| **അടങ്കൽ** | ₹4,00,000/- വികസന ഫണ്ട് |
| **ബിൽ നം** | ബിൽ ബുക്ക് ഹാജരാക്കിയില്ല<br>₹3,60,000/- (TR-59E) |

ഗ്രാമപഞ്ചായത്തിലെ പതിമൂന്ന് സംഘങ്ങൾക്ക് ₹30000/- നിരക്കിൽ കാട് വെട്ട് യന്ത്രം വാങ്ങി നൽകുന്നതിനും ₹10,000/- കാട് വെട്ട് പരിശീലനം നൽകുന്നതിനും വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ(കൈ) 22/2018 ഖണ്ഡിക 6.1 പ്രകാരം 90% മാത്രം ധനസഹായം നിശ്ചയിച്ചിരിക്കെ പദ്ധതി വിഭാവനത്തിൽ 10% ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല.

2. കാട് വെട്ട് പരിശീലനത്തിനായി ₹10,000/- പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ഗ്രൂപ്പംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടില്ല.

3. പദ്ധതി വിഭാവനത്തിൽ കാട് വെട്ട് യന്ത്രത്തിന് ₹30,000/- നിരക്ക് നിശ്ചയിച്ചിരിക്കെ ₹33,500/- നിരക്കിലുള്ള യന്ത്രങ്ങളാണ് കെയ്കോ-യിൽ നിന്നും വാങ്ങിയിരിക്കുന്നത്.

4. 12 ഗ്രൂപ്പുകൾക്ക് യന്ത്രം വാങ്ങിയതിന് ₹3,60,000/- (12x₹30,000) ചെലവഴിച്ചതെന്നിരിക്കെ കെയ്കോ-യുടെ 10-01-2019ലെ 948 മുതൽ 958 വരെയുള്ള 11 ബിൽ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

**5.** നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് കൃഷിഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം കാട് വെട്ട് യന്ത്രം വാങ്ങേണ്ടിയിരിക്കെ കൃഷി ഓഫീസർ അത്തരം ഒരു റിപ്പോർട്ട് നല്കിയിട്ടില്ല.

**6.** യന്ത്രങ്ങളുടെ ഉടമസ്ഥതാവകാശം കൃഷി ഓഫീസറും കൈവശാവകാശം സമിതിക്കുമായിരിക്കുമെന്നുള്ള രേഖ തയ്യാറാക്കിയിട്ടില്ല.

**7.** യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിൽ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നുള്ള കരാർ വ്യവസ്ഥ ചമച്ചിട്ടില്ല.

മേൽ പരാമർശിത അപാകതകൾ ഉള്ളതിനാൽ ₹3,60,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| **നിർവ്വഹണം** | **ഗ്രാമസേവകൻ** |
| **പദ്ധതി നം** | 93/2019 |
| **പദ്ധതി** | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി |
| **അടങ്കൽ** | ₹3,00,000/- (ബ്ലോക്ക്പഞ്ചായത്ത് വിഹിതം) |

ഗ്രാമപഞ്ചായത്തിലെ എസ്.സി. വിഭാഗത്തിൽപ്പെടുന്ന മൂന്ന് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ₹1,00,000/- വീതം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതിപ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് പഠനമുറി പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. വിഷ്ണു ബിജു, കാനത്തിൽ എന്ന ഗുണഭോക്താവിന് മുൻകൂറായി ₹50,000/-വും മേൽക്കൂര പൂർത്തിയാക്കിയതിന് ₹20,000/- നൽകിയിട്ടുണ്ട്. 2018ലെ കാലവർഷക്കെടുതിയിൽ ഈ ഗുണഭോക്താവിന്റെ വീടും പഠനമുറിയും പൂർണ്ണമായും നശിച്ച് പോയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയച്ചതിനെ തുടർന്ന് 31.01.2019 ലെ 1(9) തീരുമാനപ്രകാരം ബാക്കി തുക ഗുണഭോക്താവിന് നൽകേണ്ടതില്ല എന്ന് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനമെടുത്തിട്ടുണ്ട്.

ഗുണഭോക്താവിന് അർഹമായ ബാക്കി തുക ₹30,000/- മുരിക്കാശ്ശേരി സബ് ട്രഷറിയിലെ 3772 അക്കൗണ്ടിൽ അവശേഷിക്കുന്നു. സർക്കാരിന്റെ പ്രളയ ദുരിതാശ്വാസ ധനസഹായ പ്രകാരം പഠന മുറിയോടുകൂടി ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ഗുണഭോക്താവിന് ബാക്കി തുക നൽകാവുന്നതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക ബ്ലോക്ക്പഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-5 ലൈഫ് മിഷൻ ഭവന നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| **നിർവ്വഹണം** | **ഗ്രാമസേവകൻ** |
| **പദ്ധതി നം.** | 83/2019 |
| **പദ്ധതി** | ലൈഫ് മിഷൻ – പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - (പൊതു വിഭാഗം) (സ്പിൽ ഓവർ) |
| **ബിൽ നം./തുക** | 13/2018-19 തീ:13-06-2018 ₹70,000/- |
| | 49/2018-19 തീ:19-11-2018 ₹50,000/- |

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടിട്ടും പൂർത്തീകരിക്കപ്പെടാത്ത ഭവനങ്ങൾക്ക് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. 2009-10 കാലഘട്ടത്തിൽ പണി ആരംഭിച്ചതും 2013-14 കാലഘട്ടത്തിൽ പണി മുടങ്ങിപ്പോയ ശ്രീമതി. എൻ. ആർ. ജയ എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തൻവർഷം ₹1,20,000/- നൽകിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തിയാകാതെ മേൽക്കൂര ലെവലിൽ നിൽക്കുകയാണ്. മുൻ വർഷങ്ങളിൽ ₹1,12,000/-യുടെ ധനസഹായം നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-6 ഹോമിയോ, ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

**(എ) ഹോമിയോ ആശുപത്രി**

| | |
|---|---|
| **നിർവ്വഹണം** | **മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി, നാരകക്കാനം** |
| പദ്ധതി നം. | 128/2019 |
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി അടങ്കൽ | ₹26,591/- |
| ബിൽ നം./തീയതി/തുക | 1/2018-19/13.02.2019/₹26,591/- |

മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകോ, ആലപ്പുഴയ്ക്ക് പണം നൽകിയിട്ടും നാളിതുവരെയായും മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി) ആയുർവേദ ആശുപത്രി**

| | |
|---|---|
| **നിർവ്വഹണം** | **മെഡിക്കൽ ഓഫീസർ, ആയുർവേദ ആശുപത്രി, ഉപ്പുതോട്** |
| പദ്ധതി നം. | 54/2019 & 91/2019 |
| പദ്ധതിയുടെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| പദ്ധതി അടങ്കൽ | **₹3,09,346/-** |
| ബിൽ നം./തീയതി/തുക | 2/2018-19/17.12.2018 ₹2,00,000/-<br><br>3/2018-19/17.12.2018 ₹80,000/- |

ആയുർവേദ ആശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ₹2,80,000/- നൽകിയെങ്കിലും ₹2,10,215/-ടെ മരുന്ന് മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന ₹69,785/-ടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-7 പ്രളയ ദുരിതാശ്വാസം-ലഭ്യമായ തുക വിനിയോഗിക്കാതെ തിരിച്ചടച്ചു

2018ലെ പ്രളയത്തിനുശേഷമുള്ള മാലിന്യ നിർമ്മാർജ്ജന - ശുചീകരണ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ അനുവദിച്ച ₹3,25,000/- ടി.എസ്.ബി. അക്കൌണ്ടിൽ (നം. 710121400002) 31-08-2018-ൽ ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ ടി തുകയിൽ കേവലം ₹61,850/- മാത്രമാണ് പ്രസ്തുത ആവശ്യത്തിന് ചെലവഴിച്ചത്. ബാക്കി വന്ന ₹2,63,150/- വൌച്ചർ നം. 21801068/തീ. 30-03-2019 പ്രകാരം തിരിച്ചടച്ചു. ഇടുക്കി ജില്ലയിൽ എറ്റവുമധികം മഴവെള്ളക്കെടുതികൾ നേരിട്ട ഗ്രാമപഞ്ചായത്തിന്റെ പുനർ നിർമിതിക്ക് ലഭിച്ച നാമമാത്രമായ തുക പോലും ഫലപ്രദമായി വിനിയോഗിക്കാതെ തിരിച്ചടച്ച നടപടി ഒട്ടും തന്നെ അംഗീകരിക്കാവുന്നതല്ല. വീട്, കൃഷി, ഭൂമി, നിത്യവൃത്തി, മൃഗ സമ്പത്ത്, ഗതാഗത സൌകര്യം തുടങ്ങി സർവ്വും നഷ്ടപ്പെട്ട ഒരു ജനതയുടെ താത്ക്കാലികമായ പ്രശ്ന പരിഹാരത്തിന് ലഭിച്ച തുക നഷ്ടപ്പെടുത്തിയത് സ്വാഭാവിക നീതി നിഷേധത്തിന് തുല്യമായതിനാൽ പ്രസ്തുത നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-8 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-9 ലൈഫ് പദ്ധതി -അവലോകനം

ലൈഫ് പദ്ധതിയിൽ 51 പേർ കരാർ വെച്ച് ഭവന നിർമ്മാണം ആരംഭിച്ചു. വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥയായ ഈ പദ്ധതിയിലൂടെ ധനസഹായമനുവദിച്ചതിൽ പൂർത്തീകരിച്ച ഘട്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|
| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി |
| തറ നിർമാണം | 4 | 1 | 1 |
| ഭിത്തി നിർമാണം | 18 | | |
| മേൽക്കൂര നിർമാണം | 26 | 1 | |
| **ആകെ** | **48** | **2** | **1** |

പദ്ധതിക്ക് വേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ വിവിധ ഫണ്ടിനങ്ങളുടെ വിഭാഗം തിരിച്ചുള്ള വിശദാംശം.

| ഇനം | | വികസന ഫണ്ട് ₹ | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ | ജില്ലാപഞ്ചായത്ത് വിഹിതം ₹ | വായ്പ ₹ |
|---|---|---|---|---|---|
| **പൊതു വിഭാഗം** | **വകയിരുത്തിയത്** | 2159200 | 1097800 | 672350 | 4420000 |
| | **ചെലവഴിച്ചത്** | 2159200 | 1097800 | 672350 | 4420000 |

| | | | | | |
|---|---|---|---|---|---|
| പട്ടികജാതി വിഭാഗം | വകയിരുത്തിയത് | 737200 | 166600 | | |
| | ചെലവഴിച്ചത് | 426000 | | | |
| പട്ടികവർഗ്ഗ വിഭാഗം | വകയിരുത്തിയത് | 100000 | 83300 | | |
| | ചെലവഴിച്ചത് | 100000 | | | |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

### 3-10 ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| ഭൂജല വകുപ്പ് | കാലവർഷകെടുതി അടിസ്ഥാന സൗകര്യമൊരുക്കൽ കുതിരക്കല്ല്-ജി.എൽ.പി.എസ്. കുഴൽക്കിണർ നിർമ്മാണം | 181012000000006623 | 139265 |
| ഭൂജല വകുപ്പ് | കരിമ്പൻ-ജി.എൽ.പി.എസ്. കുഴർകിണറും അനുബന്ധ ഉപകരണങ്ങളും | 181012000000006711 | 43290 |
| ഭൂജല വകുപ്പ് | ഡാം ടോപ്പ് അംഗൻവാടി കുഴൽ കിണറും അനുബന്ധ ഉപകരണങ്ങളും | 181012000000006709 | 52840 |
| ഭൂജല വകുപ്പ് | മഠത്തുംകടവ് അംഗൻവാടി കുഴൽകിണറും അനുബന്ധ ഉപകരണങ്ങളും | 181012000000006710 | 41140 |

| | | | |
|---|---|---|---|
| | | ആകെ | 276535 |

പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ നൽകിയ ₹2,76,535/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 300000 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി | 270000 | 30000 |
| ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 20757 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 20757 | 0 |
| ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1347700 | ലൈഫ് ഭവന പദ്ധതി | 1097800 | 249900 |
| ജില്ലാപഞ്ചായത്ത് | 2018-19 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 672351 | ലൈഫ് ഭവന പദ്ധതി | 671500 | 851 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കാലവർഷകെടുതി അടിസ്ഥാന സൗകര്യമൊരുക്കൽ കുതിരക്കല്ല് ജി.എൽ.പി.എസ്. കുഴൽക്കിണർ നിർമ്മാണം | 181012000000006623 | 139265 | 0 | 139265 |
| | കരിമ്പൻ ജി.എൽ.പി.എസ്. കുഴർകിണറും അനുബന്ധ ഉപകരണങ്ങളും | 181012000000006711 | 43290 | 0 | 43290 |
| | ഡാം ടോപ്പ് അംഗൻവാടി കുഴൽ കിണറുംഅനുബന്ധ ഉപകരണങ്ങളും | 181012000000006709 | 52840 | 0 | 52840 |
| | മാത്തുംകടവ് അംഗൻവാടി കുഴൽകിണറും അനുബന്ധ ഉപകരണങ്ങളും | 181012000000006710 | 41140 | 0 | 41140 |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ തിരിച്ചടവ് | സഉ.(സാധാ) നം.1095/2010/ തസ്വഭവ. തീ.23.03.2010 | 7950000 | 1142097 | 884800 | 0 | 257297 |
| ലൈഫ് ഭവന പദ്ധതി | സഉ.(സാധാ) നം.688/2019/ തസ്വഭവ. തീ.22.03.2010 | 4420000 | 4420000 | 0 | 0 | 4420000 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

**– ഇല്ല –**

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-40 | 2001-02 | V.6.1 | ക്ഷീരവികസന ബോധവൽക്കരണം - തുക ദുർവിനിയോഗം ചെയ്തു | |
| 2003-04 | 3-3 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | |
| 2008-09 | 3-3 | 2011-12 | 2-4 | വെർമികമ്പോസ്റ്റ് – ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം ₹2,000/- | |
| 2009-10 | 3-7 | 2011-12 | 2-4 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം ₹18,400/- | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 20(1), (2),23 | കെ. കുട്ടപ്പൻ | LF.16858/SC2/ 02/27.03.03 | 842 | 200 | ഇല്ല | ഇല്ല | ഇല്ല | 200 | 642 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | തീയതി) | തുക, തീയതി | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 33 | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/ 8.1.02 | 4399/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4399/- | - |
| 2 | 1997-98 | 36(1) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 5001/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5001/- | - |
| 3 | 1997-98 | 36(2) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 24000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 24000/- | - |
| 4 | 1997-98 | 36(3) | സി. ബേബിച്ചൻ സെക്രട്ടറി | LF.20916/ Spl.Cell/ SC2/01/8.1.02 | 297051 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 297051 | - |
| 5 | 1998-99 | 29, 39, 35, 41, 42 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.16858/ SC2/02/ 27.3.03 | 108664 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 108664 | - |
| 6 | 1998-99 | 48(1), (2),(3), (4) | ജി. സന്തോഷ് കുമാർ, കൃഷി ഓഫീസർ | LF.16858/ Spl.Cell/ SC2/2002 dtd.19.05.2003 | 34492 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 34492 | - |
| 7 | 1999-2000 | 26(1, 2), 31, 32 | കെ. കുട്ടപ്പൻ, സെക്രട്ടറി | lF.19012/SC2/02/ dt. 2.6.03 | 55947 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 55947 | - |
| 8 | 2000-01 | 30 | കെ. കുട്ടപ്പൻ, സെക്രട്ടറി | LF.15406/ Sp.cell (SC.2)/2004 dtd.20-04-05 | 940 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 940 | - |
| 9 | 2003-4 | 3-5 | കെ. എസ്. രാജീവ്, സെക്രട്ടറി | LF.14741/ Sp.Cell (SC.2)/2007 dtd.19.10.09 | 23633 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 23633 | |
| 10 | 2003-04 | 3.6 | പുഷ്പവല്ലി എ.ജി., കൃഷി ഓഫീസർ | LF-14741/Spl. Cell/SC2/07 dt.31.3.2009 | 12990 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12990 | - |
| 11 | 2008-09 | 3.6 | ശ്രീമതി സുജ ജേക്കബ്, ICDS സൂപ്പർവൈസർ | LF.22680/Spl. Cell/ CSC/C1/ 2012/23.5.14/ 20.8.14 | 9106 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9106 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 12 | 2010-11 & 11-12 | 3.3 | ശ്രീമതി ലൈലാ തോമസ്, കൃഷി ഓഫീസർ | LF-17690/Spl. Cell/CSC/ C1/14(1)/ dt. 8.9.17 | 19000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19000 | - |
| 13 | 2010-11 & 11-12 | 3-5 | ജോസഫ് മാത്യു സെക്രട്ടറി | LF-17690/Spl. Cell/CSC/ C1/14/ dt. 14.7.17 | 10050 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10050 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,32,18,835 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,26,44,996 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,36,535 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 2500 | ശ്രീ. വിനകുാർ എസ്. പി., സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 3-3 | 360000 | ശ്രീ. യു. എം. അനിൽകുമാർ, കൃഷി ഓഫീസർ |
| 3-10 | 276535 | ശ്രീമതി. ചിത്രലേഖ ജി., അസി. എജിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**- ഇല്ല -**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

- ഇല്ല -

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനുകുമാർ എസ്.പി.<br>സെക്രട്ടറി | സെക്രട്ടറി,<br>മരിയാപുരം ഗ്രാമപഞ്ചായത്ത് | കരിച്ചനാത്ത് വീട്<br>മിതിർമല പി. ഒ.<br>തിരുവനന്തപുരം |
| ശ്രീ. യു.എം. അനിൽകുമാർ<br>കൃഷി ഓഫീസർ | - | ഉറുമ്പിൽ വീട്<br>കുവക്കണ്ടം പി. ഒ.<br>പൂമാല |
| ചിത്രലേഖ ജി.<br>എ. ഇ. | - | കുഴിക്കോട്ടയിൽ<br>ഇടുക്കി കോളനി പി. ഒ.<br>വാഴത്തോപ്പ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.-5/1998/04.05.1998 | | |
| 1977-78 | എൽ.എഫ്.ഐ.-5/1025/82/20.01.1998 | | |
| 1980-81 | എൽ.എഫ്.ഐ-5/191/98/04.05.1998 | | |

| | | | |
|---|---|---|---|
| 1981-82 | എൽ.എഫ്.ഐ.-5/874/86/12.11.1987 | | |
| 1982-83 | എൽ.എഫ്.ഐ.-5/100/91/12.12.1991 | | |
| 1983-84 | എൽ.എഫ്.ഐ.-5/100/91(2)/ 27.12.1991 | | |
| 1984-85 | എൽ.എഫ്.ഐ.-5/100/91(3)/ 27.12.1991 | | |
| 1985-86 | എൽ.എഫ്.ഐ.-5/100/91(4)/ 27.12.1991 | | |
| 1986-87 | എൽ.എഫ്.ഐ.-5/223/91/12.10.1992 | | |
| 1987-88 | എൽ.എഫ്.ഐ.-5/391/93/22.05.1995 | | |
| 1988-89 & 1989-90 | എൽ.എഫ്.ഐ.-5/69/93/22.06.1993 | | |
| 1990-91 & 1991-92 | എൽ.എഫ്.ഐ.-5/5/94/18.04.1994 | | |
| 1992-93 & 1993-94 | എൽ.എഫ്.ഐ.-5/520/95/25.03.1996 | | |
| 1994-95 | എൽ.എഫ്.ഐ.-5/283/96/08.08.1996 | | |
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 3 | 33, 36(1), 36-2(ബി), 36(3) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 5 | 23, 35, 39, 41. 48(1,2,3,4) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 5 | 26(1),26(2), 31, 32, 41 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 30 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 3 | 3-3, 3-5, 3-6 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-13/782/18 തീ.04.06.2018 | 1 | 2-6 |
| 2006-07 | എൽ.എഫ്.ഐ-10/594/09/08.07.10 | | |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.ഐ.-13/1312/12/13.03.13 | 24 | 2(2) മുതൽ 2-8 വരെയും<br>3-1 മുതൽ 3-12 വരെയും |
| 2008-09 | എൽ.എഫ്.ഐ.-13/431/12/10.10.12 | 13 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ.-13/693/12/10.10.12 | 16 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-11 വരെ |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ.-13/1221/13/15.10.14 | 12 | 2-1, 2-2,<br>3-1 മുതൽ 3-6 വരെയും<br>3-8, 3-9,3-11, 3-12 |
| 2012-13<br>& 2013-14 | എൽ.എഫ്.ഐ.-13/402/15/13.04.15 | 8 | 2-1 മുതൽ<br>2-5 വരെയും<br>3-3, 3-4, 3-7 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-13/852/16/31.08.16 | 5 | 2-1, 2-2, 3-2,<br>3-3, 3-4 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-13/1697/16/20.02.16 | 7 | 2-1, 3-1 മുതൽ<br>3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.-13/250/18/12.03.18 | 4 | 2-1, 3-2,<br>3-3, 3-5 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.-13/1148/18/24.09.2018 | 4 | 1-12, 2-1, 2-2,<br>2-3, 3-1, |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

**നം.കെ.എസ്.എ-ഐ.ഡി.കെ-13/739/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി. 17.09.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **മരിയാപുരം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**